**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 121** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമലയിലേക്കുള്ള മിൽമയുടെ നെയ്യ് വിതരണത്തിലെ ക്രമക്കേട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. ജയന്ത്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** ശബരിമലയിലേക്ക് മിൽമ തിരുവനന്തപുരം മേഖല യൂണിയൻ വിതരണം ചെയ്ത നെയ്യ് വഴിമധ്യേ മാറ്റി ഗുണനിലവാരം കുറഞ്ഞ നെയ്യ് എത്തിച്ചതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ച് ക്ഷീരവികസന വകുപ്പ് നടത്തിയ അന്വേഷണത്തിൽ വൻ സാമ്പത്തിക നഷ്ടമുണ്ടായെന്ന് കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ക്ഷീര വികസന വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ, 720 രൂപ പ്രതിലിറ്ററിന് വിപണി വിലയുള്ളതും 558.42 രൂപ ഹോൾ സെയിൽ വില്പന വിലയുള്ളതുമായ നെയ്യ്, 510 രൂപ പ്രതിലിറ്റർ പ്രകാരമാണ് ശബരിമല സന്നിധാനം സ്റ്റോറിൽ എത്തിച്ച് നൽകുന്നതിന് തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ചെയർപേഴ് സൺ/ഭരണ സമിതി തീരുമാനിച്ചത്. അന്വേഷണത്തിൽ 1,55,010 ലിറ്റർ നെയ്യാണ് തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയനിൽ നിന്നും ശബരിമലയിലേയ്ക്ക് അയച്ച് നൽകിയതെന്ന് ബോധ്യപ്പെട്ടു. ഒരു ലിറ്ററിന് 510 രൂപ നിരക്കിൽ ഹോൾ സെയിൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നൽകുക വഴി ഒരു ലിറ്ററിന് 48.42 രൂപയുടെ നഷ്ടം യൂണിയന് ഉണ്ടായി.

ആകെ ശബരിമലയിലേയ്ക്ക് നൽകിയ നെയ്യിന്റെ അളവ് പരിശോധിയ്ക്കുമ്പോൾ 75.05 ലക്ഷം രൂപയുടെ നഷ്ടം തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന് ഉണ്ടായി.

**(ബി)** നെയ്യ് മറിച്ച് വിറ്റതായി പറയപ്പെടുന്ന സംഭവത്തിൽ മേഖലാ യൂണിയന് നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ക്ഷീരവികസന വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ 75.05 ലക്ഷം രൂപയുടെ നഷ്ടം തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന് ഉണ്ടായി.

**(സി)** മിൽമ തിരുവനന്തപുരം മേഖല യൂണിയനിൽ കഴിഞ്ഞ പത്ത് വർഷം നടന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തുമോ; വിശദമാക്കുമോ?

**മറുപടി:** തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയനിൽ മുൻ വർഷങ്ങളിൽ നടന്ന വിവിധ ക്രമക്കേടുകളെ സംബന്ധിച്ച് 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 65(1) പ്രകാരമുള്ള സമഗ്ര അന്വേഷണത്തിന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്. അന്വേഷണം അന്തിമ ഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**